**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1282 — 21.03.2013-ലെ മറുപടിക്ക്

മോണോറെയിൽ കോർപ്പറേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പിലാക്കുവാൻ മോണോ റെയിൽ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; | (എ). | ഉണ്ട്. |
| (ബി). | എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ആഫീസ് പ്രവർത്തിക്കുന്നതെവിടെയാണെന്ന്, ജീവനക്കാരുടെ വിശദാംശങ്ങളുൾപ്പെടെ അറിയിക്കുമോ; | (ബി). | പ്രസ്തുത സ്ഥാപനത്തിന്റെ ആഫീസ് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടില്ല. നിലവിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ഓഫീസിലാണ് കേരള മോണോ റെയിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. |
| (സി). | കഴിഞ്ഞ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നു; പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി). & (ഡി). | കഴിഞ്ഞ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി 20 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക കേരള മോണോ റെയിൽ കോർപ്പറേഷന് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി). | പ്രസ്തുത തുക ഇതേവരെ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ